3. കുഷ്ഠരോഗിയാണെങ്കിൽ കുഷ്ഠരോഗ ചികിത്സാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തു ചികിത്സ എടുത്തുകൊണ്ടിരിക്കണം;

4. സംസ്ഥാനത്തെ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്ന സമയം ധനസഹായം ലഭിക്കാൻ അർഹതയില്ല;

5. വാർഷിക വരുമാനം 2,400/- രൂപയിൽ കൂടാൻ പാടില്ല;

6. പരമാവധി രണ്ടു വർഷത്തിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നില്ല.

(സി) കാൻസർ, കുഷ്ഠരോഗം എന്നിവ ബാധിച്ച രോഗികൾക്കുള്ള പ്രതിമാസ ധനസഹായം 1.10.97 മുതലാണ് 200/- രൂപയായി വർദ്ധിപ്പിച്ചത്. ക്ഷയരോഗികൾക്കുള്ള പ്രതിമാസതുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ആരോഗ്യവകുപ്പിൽ പരിശോധിച്ചുവരുന്നു. നിബന്ധനകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം ധനസഹായം നൽകുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം അനർഹർ ഇത് വാങ്ങുവാൻ ഇടയാകും.

റവന്യൂ കാർഡ് ചട്ടങ്ങൾ

64 (2120)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡ് നിയമത്തിന്റെ ചട്ടങ്ങൾ ഏതു മാസം പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ചട്ടങ്ങൾ പ്രസിദ്ധീകരിക്കാതെ കാർഡ് നൽകാൻ കഴിയുമോ;

(സി) ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇപ്പോൾ ഈ ചട്ടങ്ങൾ ഏത് ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയിലാണ് ഇരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റവന്യൂ കാർഡ് നിയമത്തിന്റെ ചട്ടങ്ങൾ കാലവിളംബമെന്യേ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഭരണപരമായ താമസമല്ലാതെ പ്രത്യേകിച്ച് തടസ്സങ്ങൾ ഒന്നും ഇല്ല.

(ഡി) ചട്ടങ്ങൾ റവന്യൂ വകുപ്പിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

പട്ടയം നൽകാൻ നടപടി

65 (2121)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിലെ പന്നിവേലിച്ചിറയിൽ അര നൂറ്റാണ്ട് കാലമായി കുടിൽ കെട്ടി താമസിക്കുന്ന പാവ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട കർഷകത്തൊഴിലാളികൾക്കും, പട്ടികജാതിക്കാർക്കും ഇതുവരെ പട്ടയം നൽകിയിട്ടില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കി അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാമർശ ഭൂമി ഫിഷറീസ് വകുപ്പ്, ഇറിഗേഷൻ വകുപ്പ്, പന്നിവേലിച്ചിറ പവർ സ്റ്റേഷൻ എന്നിവയുടെ അധീനതയിലുള്ളതായതിനാൽ പതിച്ചു നൽകുവാൻ കഴിയില്ല. കയ്യേറ്റത്തിലുള്ള ജലസേചന വകുപ്പു വക 2.1 ഹെക്ടർ ഭൂമി പതിച്ചു നൽകുന്നതിനു നടപടി സ്വീകരിക്കുവാൻ ആ വകുപ്പു ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

കുടിയേറ്റ കർഷകർക്ക് പട്ടയം

66 (2122)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുന്നതിൽ ഏതെങ്കിലും കോടതി കേസുകളുടെ നിലനിൽപ്പ് തടസ്സമായിട്ടുണ്ടോ?

ഉത്തരം

ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി.14276/93 നമ്പർ കേസ്സിൽ വന ഭൂമിക്ക് പട്ടയം നൽകുന്നത് താല്ക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതുകൊണ്ട് കുടിയേറ്റ കർഷകർക്ക് ഇപ്പോൾ പട്ടയം നൽകുന്നത് നിറുത്തിവച്ചിരിക്കുകയാണ്.

മിച്ചഭൂമി വിതരണം

66 (2122)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതു വരെയായി ഗവൺമെന്റ് ഏറ്റെടുത്ത മിച്ചഭൂമിയുടെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ ഭൂമിയില്ലാത്തവർക്ക് പതിച്ചു നൽകിയത് എത്ര;

(സി) മറ്റാവശ്യങ്ങൾക്ക് പതിച്ചുനൽകിയത് എത്ര;

(ഡി) ഇനി പതിച്ചുനൽകാനുള്ള ഭൂമിയുടെ അളവെത്ര;

(ഇ) പട്ടികജാതിക്കാർക്ക് എത്ര ഭൂമി പതിച്ചു നൽകിയിട്ടുണ്ട്;

(എഫ്) പട്ടികവർഗ്ഗക്കാർക്ക് എത്ര ഭൂമി പതിച്ചു നൽകിയിട്ടുണ്ട്;

(ജി) ഇങ്ങനെ പതിച്ചു നൽകിയ ഭൂമിക്ക് മുഴുവനും കൈവശരേഖയും പട്ടയവും നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly